PORINGALKUTHU WORKS—TENDERS—CALLING OF

316. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്കുള്ള സാമാനങ്ങൾ ചാലക്കുടി റയിൽവെ സ്റ്റേഷനിൽനിന്നു ചാലക്കുടി ഗോഡൗണിലേക്കും, ചാലക്കുടി ഗോഡൗണിൽനിന്നു പെരിങ്ങൽകുത്തിലേക്കും കൊണ്ടുപോകുന്നതിനു ടെണ്ടർ (Tender) ക്ഷണിക്കുകയുണ്ടായോ;

(ബി) എ-യുടെ ഉത്തരം 'ഉവ്വ്' എന്നാണെങ്കിൽ ആരെല്ലാം എന്തെല്ലാം നിരക്കിൽ ടെണ്ടർ തന്നു;

(സി) ചാലക്കുടി റയിൽവെ സ്റ്റേഷനിൽനിന്നു ചാലക്കുടി ഗോഡൗണിലേക്കു സാമാനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പണി ആരെ ഏല്പിച്ചു;

(ഡി) ചാലക്കുടി ഗോഡൗണിൽനിന്നു പെരിങ്ങൽകുത്തിലേക്കു സാമാനങ്ങൾ കൊണ്ടുപോകേണ്ട പണി ആരെ ഏല്പിച്ചു?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉവ്വ്.
(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix I).
(സി) മിസ്റ്റർ പി. കെ. അച്യുതനെ.
(ഡി) മിസ്റ്റർ പി. കെ. അച്യുതനെ.

റാവു സാഹിബ് കെ. അയ്യപ്പൻ: ഇതിൽ Appendix I-ൽ ഒരു കറക്ഷൻ വരുത്താനുണ്ട്. മിസ്റ്റർ സി. കെ. എസ്സ്. മണിയുടെ ടെണ്ടറിൽ actual plus 15 per cent എന്നുള്ളതു actual plus 5 per cent എന്നാക്കണം. അതുപോലെ മറുഭാഗത്തും തിരുത്തണം.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: Appendix I-ൽ actual plus 9 per cent എന്നു പറയുന്നതോ, അതോ ഈ $6\frac{1}{2}$ യൊ കുറഞ്ഞ റേറ്റ്?

റാവു സാഹിബ് കെ. അയ്യപ്പൻ: അതു പണികഴിഞ്ഞു കണക്കു കൂട്ടി നോക്കിയാൽ മാത്രമേ പറയാൻ നിവൃത്തിയുള്ളു.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: പിന്നെ കുറഞ്ഞ റേറ്റ് എങ്ങിനെയാണു മനസ്സിലാക്കുന്നതു?

റാവു സാഹിബ് കെ. അയ്യപ്പൻ: Actual കണക്കാക്കിട്ടല്ല ടെണ്ടർ വെച്ചിട്ടുള്ളതു. ടെണ്ടറിൽ പറഞ്ഞ പ്രകാരം കുറഞ്ഞ റേറ്റിനാണു കൊടുത്തിട്ടുള്ളതു.

മിസ്റ്റർ പി. കെ. പോൾ: Actual എന്നുള്ളതു ആരാണു കണക്കാക്കുന്നതു?

റാവു സാഹിബ് കെ. അയ്യപ്പൻ: സാധാരണ ആ സ്ഥലത്തുള്ള ഡിപ്പാർട്ട്മെണ്ടിലെ ആളുകളാണു കണക്കാക്കുന്നതു.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു: ഗവണ്മെണ്ടിൽനിന്നു എന്നാണു ടെണ്ടർ വെച്ചതു?

റാവു സാഹിബ് കെ. അയ്യപ്പൻ: മൂന്നാലുമാസം മുമ്പാണു.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു: പണി നടന്നതിനുശേഷമാണൊ ടെണ്ടർ വെച്ചിട്ടുള്ളതു.

റാവു. സാഹിബ് കെ. അയ്യപ്പൻ: അല്ല; ടെണ്ടർ വെച്ചതിനുശേഷമാണു പണി തുടങ്ങിട്ടുള്ളതു.

Mr. P. K. Paul *(Chalakkudi)*: In view of the fact that many of the Hon'ble Members of the House entertain grave anxiety to look into this matter and in the light of the opinion expressed by the Finance Special Committee members comprising, as it were of each from the component parts forming the Ministry, will the Government be gracious enough to reconsider the whole situation and appoint an Advisory Committee including non-officials also to inquire and to give useful suggestions regarding the Poringalkuthu Hydro Electric Scheme?

റാവു സാഹിബ് കെ. അയ്യപ്പൻ: സർ ഇങ്ങിനെ ഒരു കമ്മിറ്റിയെ വെച്ചാൽ അതെല്ലാം ശരിയായിട്ടു നോക്കാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവണ്മെണ്ടിനു ബോദ്ധ്യമായിട്ടില്ല. അങ്ങിനെയുള്ള ഒരു കമ്മിറ്റി വെക്കേണ്ടതായ യാതൊരു ആവശ്യവും ഇതുവരെ നേ

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan]
രിട്ടിട്ടില്ല. പിന്നെ ഒരു കമ്മിറ്റിയെ വെച്ചുകഴിഞ്ഞാൽ അതിന്റെ അത്ഥം എന്തൊ തകരാറുണ്ടെന്നു ബോദ്ധ്യമായി എന്നായിരിക്കും. ഇപ്പോൾ അങ്ങിനെ യാതൊരു തകരാറുമുള്ളതായി ബോദ്ധ്യമില്ല.

Mr. M. K. Raja *(Mulakunnattukavu)*: He suggested an advisory Committee.

റാവു സാഹിബു് കെ. അയ്യപ്പൻ: അവിടത്തെ പണി നടത്തിക്കുന്നതിനും കൺട്രാക്ട് കൊടുക്കുന്നതിനും ഒരു അഡൈ്വസറി കമ്മിറ്റിയുടെ ആവശ്യമില്ല. ഈ കാര്യങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നു വളരെ നിഷ്കൃഷ്ടയോടുകൂടി ചെയ്യുന്നുണ്ടു്. നേരെമറിച്ചു് ഒരു കമ്മിറ്റിയെ വെക്കുകയാണെങ്കിൽ പണി നടത്തുന്ന കാര്യത്തിലും മറ്റും പ്രതിബന്ധമായിട്ടാണു തീരുക. ഇത്രമാത്രമേ ഈ സഭയെ അറിയിക്കുവാനുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: Appendix I-ൽ മിസ്റ്റർ പി. കെ. അച്യുതന്റെ ടെണ്ടർ per mile ഫർ ണ. Subesequently reduced to 6 annas 6 pies. Is it after th opening of all tenders?

റാവു സാഹിബു് കെ. അയ്യപ്പൻ: ഏറ്റവും കുറഞ്ഞ റെയിറ്റു് നു½ ണ. ആയിരുന്നു. കുറഞ്ഞ റേറ്റുകാരനു് കൊടുക്കാമൊയെന്നു് ആലോചിച്ചപ്പോൾ അയാൾക്കു് ലോറിയില്ലാത്തതുകാരണം, ആ റേയറ്റിന്നു് മിസ്റ്റർ അച്യുതനു് കൊടുക്കുകയാണു് ചെയ്തതു്.

മിസ്റ്റർ ടി. കെ. എൽ. കഞ്ഞുവറിയു്: അയാൾക്കു് ലോറിയുണ്ടോയെന്നു് ചോദിച്ചിട്ടുണ്ടോ?

റാവു സാഹിബു് കെ. അയ്യപ്പൻ: ചോദിച്ചപ്പോൾ ലോറി ഇല്ലെന്നും വാങ്ങാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും പറഞ്ഞു.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ആറര അണക്കു് മിസ്റ്റർ അച്യുതനുമാത്രം കൊടുക്കുവാനുള്ള കാരണം എന്താണു്?

റാവു സാഹിബു് കെ. അയ്യപ്പൻ: മിസ്റ്റർ അച്യുതനു് നു ഠ ലോറിയുണ്ടു്. അതുകൊണ്ടു് മിസ്റ്റർ അച്യുതനെ ഏല്പിച്ചാൽ യാതൊരു ബുദ്ധിമുട്ടുംകൂടാതെ പണി നടത്തുവാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിന്മേലാണു് അങ്ങിനെ ചെയ്തതു്. ലോറി ഇല്ലാതിരുന്ന കാരണത്തിന്മേലാണു് മറ്റെയാൾക്കു് കൊടുക്കാതിരുന്നതു്. ഈ കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആലോചനയിലിരിക്കുകയാണെന്നു പറഞ്ഞിട്ടു് കുറെ ദിവസമായല്ലൊ. എന്തെങ്കിലും ഒന്നു തീർച്ചയാക്കുക.

റാവു സാഹിബു് കെ. അയ്യപ്പൻ: ഇതു് ആലോചനയിലിരിക്കുകയാണെന്നു് ഇന്നലെ പറഞ്ഞുകഴിഞ്ഞു. ഉടനെ അതിനു ഉത്തരവു വരുമെന്നും പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: മറ്റുള്ളവർക്കു് എത്ര ലോറിവീതം ഉണ്ടെന്നുള്ളതു് ഗവൺമെണ്ടിന്നറിയാമോ?

റാവു സാഹിബു് കെ. അയ്യപ്പൻ: ഏറ്റവും അധികം ലോറിയുള്ളതു് മിസ്റ്റർ അച്യുതനാണു്. മറ്റുള്ളവർക്കു് പത്തു ലോറി, ഏഴു ലോറി, എന്നിങ്ങനെ മാത്രമേയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ലോറി ഉടമസ്ഥാവകാശത്തിൽ വേണമെന്നാണൊ ഗവൺമെണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്? അതൊ കൺട്രാക്ടർ ലോറി ഉപയോഗിക്കുന്ന ഒരാളായിരിക്കണമെന്നാണൊ നില?

റാവു സാഹിബു് കെ. അയ്യപ്പൻ: ഗവൺമെണ്ടിനു് ഈ കാര്യത്തിൽ പറയുവാനുള്ളതു്, കൺട്രാക്ടു് എടുക്കുന്ന ആൾക്കു് കൂടുതൽ ലോറിയുണ്ടോ, സാധനങ്ങൾ കൃത്യസമയത്തു് എത്തിച്ചുകൊടുക്കുവാൻ സാധിക്കുമോ എന്നൊക്കെയുള്ള ബോദ്ധ്യത്തിന്മേൽ മാത്രമാണു് ഒരാളെ എല്പിച്ചുകൊടുത്തിട്ടുള്ളതു് എന്നാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഗവൺമെണ്ടു് ആലോചിച്ചു തീർച്ചയാക്കിയതിനുശേഷമല്ലെ പണി തുടങ്ങുകയുള്ളു?

റാവു സാഹിബു് കെ. അയ്യപ്പൻ: പണി തുടങ്ങി.

മിസ്റ്റർ എ. ഈച്ചരമേനോൻ: മിസ്റ്റർ പി. കെ. അച്യുതൻ ഒരു അപ്രൂവ്ഡ് കൺട്രാക്ടറല്ലെ?

റാവു സാഹിബു് കെ. അയ്യപ്പൻ: അങ്ങിനെ ആയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഐ. പോൾ: ഈ പണി പൂർത്തിയാക്കുവാൻ ഏതെങ്കിലും ഒരു കമ്പനിക്കാക്ക് ഏല്പിച്ചുകൊടുക്കുവാൻ വിരോധമുണ്ടോ?

റാവു സാഹിബ് കെ. അയ്യപ്പൻ: ആ കാര്യം ഗവൺമെണ്ട് ആലോചിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മിസ്റ്റർ പി. കെ. അച്യുതൻ കൊച്ചീക്കാരനാണൊ?

റാവു സാഹിബ് കെ. അയ്യപ്പൻ: കൊച്ചീക്കാരനല്ലെന്നാണ് എന്റെ അറിവ്. ഈ കാര്യം നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്.

Mr. President: This has been answered repeatedly. Very many of these points have been answered.

Mr. P. Kumaran Ezhuthassan *(Vadakkancheri):* We want it in this context Sir, so that the hollowness of the Government position and the strength of our attempt could be emppasised.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, പണികഠം കരാറുകൊടുക്കുമ്പോൾ ലോവസ്റ്റ് ടെണ്ടർമാത്രം നോക്കിയാണൊ കൊടുക്കാറുള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: സാമാന്യേന ലോവസ്റ്റ് ടെണ്ടർ നോക്കീട്ടുകൊടുക്കണമെന്നാണ് നിയമം. എന്നാൽ എപ്പോഴും ലോവസ്റ്റർ ടെണ്ടറിനു കൊടുക്കുവാനും സാധ്യമല്ല. കൺട്രാക്ട് എടുക്കുന്ന ആൾ പണിനടത്തുവാൻ പ്രാപ്തനാണോ എന്നുള്ളതും മറ്റും നോക്കേണ്ടതുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ടെണ്ടർ വിളിച്ചിട്ടുള്ളത് ആരാണ്?

റാവുസാഹിബ് കെ. അയ്യപ്പൻ: ചീഫ് എഞ്ചിനിയറാണ്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ചീഫ് എൻജിനിയറാണ് ഇത് നടത്തുന്നതെന്നുപറഞ്ഞു. ഈ ടെണ്ടർ ഉറപ്പിക്കുന്നതിനു ഗവൺമെണ്ടുസാങ്ഷൻ വേണ്ടെ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒരു ലക്ഷത്തിൽ താഴെവരുന്ന സംഖ്യയാണെങ്കിൽ വേണ്ട.

RAMAVARMAPURAM TRAINING INSTITUTE—TEACHERS SELECTED FOR TRAINING

317. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലം രാമവർമ്മപുരം ട്രെയിനിംഗ് സ്കൂളിൽ ൩൫ വയസ്സ് കഴിഞ്ഞ എത്ര അദ്ധ്യാപകന്മാരെ പരിശീലനത്തിനു് എടുത്തിട്ടുണ്ട്;

(ബി) അവരെ ഇതേവരെ എടുക്കുവാൻ സാധിക്കാഞ്ഞതു് എന്തുകൊണ്ട്;

(സി) അവർക്ക് മറ്റുള്ളവരെപ്പോലെ സ്റ്റൈപ്പെൻറ് കൊടുക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൧൨ പേർ ചേർന്നിട്ടുണ്ട്.

(ബി) സ്റ്റൈപ്പണ്ടറിയായി എടുക്കുവാൻ നിശ്ചിത സംഖ്യയുള്ളതുകൊണ്ട് എല്ലാവരേയും എടുക്കുവാൻ സാധ്യമല്ല.

(സി) ഇല്ല.

(ഡി) നിയമമില്ലാത്തതുകൊണ്ട്.

മിസ്റ്റർ പി. കെ. പോൾ: ഈ ഉത്തരത്തിൽനിന്നു് നിശ്ചിത സംഖ്യയുള്ളതുകൊണ്ട് എല്ലാവരേയും എടുക്കുവാൻ സാധ്യമല്ലെന്നു് കാണുന്നുണ്ട്. എന്നാൽ കൂടുതൽ പ്രായംചെന്ന ആളുകളേയും എടുത്തുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റൈപ്പൻറ് കൊടുത്തു് ട്രെയിൻറ് ചെയ്യിപ്പിക്കുന്നവരെകൊണ്ട് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിനു് ഗുണം ഉണ്ടാകണമെന്നു് വിചാരിച്ചിട്ടാണു് ഗവൺമെണ്ട് ഈനയം സ്വീകരിച്ചിട്ടുള്ളതു്. കൂടുതൽ പ്രായമുള്ളവരായാൽ അതുകൊണ്ടു് ഉദ്ദേശിക്കുന്ന ബനിഫിറ്റ് ഉണ്ടാവുകയില്ല. അതുകൊണ്ടാണ് പ്രായംകുറഞ്ഞവരെ ട്രെയിനിംഗിനു് എടുക്കുന്നതു്.

മിസ്റ്റർ പി. കെ. പോൾ: അവരെ എടുക്കാതിരുന്നാൽ അതൊരു കൃത്യവിലോപമായിരിക്കയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to question No. 316)

(1) TRANSPORTING GOODS FROM CHALAKKUDI TO PORINGALKUTHU

Sl. No.	Date	Name of tenderer	Above or below	Percentage	Conditions if any	E.M. chalan produced or not	Remarks
			Rs. A. P				
1	8 3 47	C. C. Ismail Rowther	0 7 6	per mile			
2	1 o.	V. A. M. Ismail	0 11 9	do.			
3	Do.	P. J. Varkey	0 6 6	do.	No lorries		
4	Do.	P. K. Achuthan	0 14 0	do.	Subsequently reduced to Re. 0—6—6 and had 30 lorries		
5	Do.	National Furniture Co.	10 0 0	do.			
6	Do.	Kerala Motors	0 7 6	do.			
7	Do.	C. K. S. Moni	0 10 0	do.	and actuals plus 15 per cent for heavy machinery		
8	Do.	S. K. Sankaranarayana Ayyar	1 2 0	(only packets less than 3 tons)			
9	Do	A. S. Krishna Ayyar	1 6 0	(conditions for previous item apply here also)			
10	Do.	Sree Rama Chandra Industrials	Actuals plus 9	per cent			
11	Do.	A. C. Paul	1 0 4	(condition that 3 ton load to be given at a time)			
12	Do.	C. S. Warriar	0 8 9				
13	Do.	Allied Engineers	0 12 0	0 8 0	(conditional)		
14	Do.	S. Ramanatha Ayyar	0 14 0	up to 3 tons.	Above 3 tons actuals plus 10 per cent		
15	Do.	K. K. Paul	2 0 0	conditional.	Not acceptable.		
16	Do.	M. R. Balakrishna Menon	4 1 0				
17	Do.	K. P. D. Menon	5 0 0				
18	Do.	S. P. Louis	1 8 0				

(2) TRANSPORT OF GOODS FROM CHALAKKUDI RAILWAY STATION TO THE GODOWN AT CHALAKKUDI (ON FIRST TENDER)

			Rs. A. P.				
1	8 3 47	C. C. Ismail Rowther	4 0 0				
2	Do.	V. A. M. Ismail	4 4 0				
3	Do.	P. J. Varkey	3 8 0	(within 1 mile)	accepted only about 1 mile		
4	Do.	P. K. Achuthan	1 14 0	do.	(Items 1 and 2 together at Rs. 1—1—0) or actuals plus 15 per cent		

LIBRARY ARCHIVES Kerala Legislative Assembly

				Rs.	A.	P.	
5	8	3	47	National Furniture Co.	20	0	0	
6		Do.		Kerala Motors	4	0	0	
7		Do.		C. K. S. Moni	Actuals plus 15 per cent			
8		Do.		S. K. Sankaranarayana Ayyar	7	0	0	(for packets less than 3 tons)
9		Do.		A. S. Krishna Ayyar	5	8	0	do. For cases above 3 tons, actuals plus 10 per cent
10		Do.		Sree Ramachandra Industrials	Actuals plus 9 per cent			
11		Do.		A. C. Paul	2	14	6	(up to 5 tons only and special rates to be given for parcels above 5 tons)
12		Do.		C. S. Warrier	1	7	9	who subsequently backed out
13		Do.		Allied Engineers	No quotation			
14		Do.		S. Ramanatha Ayyar	6	0	0	
15		Do.		K. K. Paul	2	8	0	
16		Do.		M. R. Balakrishna Menon	5	6	0	
17		Do.		K. P. D. Menon	8	0	0	
18		Do.		S. P. Louis	12	8	0	(excluding engines and transformer)

(3) TRANSPORTING GOODS FROM CHALAKKUDI RAILWAY STATION TO CHALAKKUDI GODOWN (ON RE-TENDERING)

				Rs.	A.	P.	
1	17	4	47	S. Ramanatha Ayyar	3	8	0	per ton (up to 3 tons)
2		Do.		P. K. Achuthan	2	12	0	do.